പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3684 24/06/2014-ൽ മറുപടിക്ക്

# ഡീസൽ വൈദ്യുതി നിലയങ്ങളിൽ ഗ്യാസ് അധിഷ്ഠിത യൂണിറ്റുകൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. ആർ. സെൽവരാജ്<br>,, എം. എ. വാഹീദ്<br>,, പി. എ. മാധവൻ<br>,, റ്റി. എൻ. പ്രതാപൻ | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ ഡീസൽ വൈദ്യുതി നിലയങ്ങളിലെ യൂണിറ്റുകൾ ഗ്യാസ് അധിഷ്ഠിതമാക്കുന്നതിന് പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ടോ; വിശദമാക്കുമോ; | (എ) കെ.എസ്.ഇ.ബി.യുടെ ബ്രഹ്മപുരം ഡീസൽ വൈദ്യുതി നിലയത്തിലെ കേടായ രണ്ടു യൂണിറ്റുകൾ വാതകാധിഷ്ഠിത യൂണിറ്റുകളാക്കി മാറ്റുന്ന പദ്ധതി ആസൂത്രണംചെയ്തിട്ടുണ്ട്. |
| (ബി) പ്രസ്തുത പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) പ്രസ്തുത പദ്ധതിയ്ക്ക് 144.80 കോടി രൂപയുടെ ഭരണാനുമതി കെ.എസ്.ഇ.ബി. നൽകിയിട്ടുണ്ട്. |
| (സി) പ്രസ്തുത പദ്ധതികൾ പ്രകാരം എത്ര മെഗാവാട്ട് വൈദ്യുതി ഉൽപ്പാദിപ്പിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്; വിശദാംശങ്ങൾ നൽകുമോ; | (സി) 18 MW വീതം ശേഷിയുള്ള രണ്ടു വാതകാധിഷ്ഠിത യൂണിറ്റുകൾ ഇപ്രകാരം സ്ഥാപിക്കാനാണ് ലക്ഷ്യമിടുന്നത്. |
| (ഡി) പ്രസ്തുത പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ? | (ഡി) പദ്ധതിക്കാവശ്യമായ സ്ഥലം FACT -ന്റെ കൈയ്യിൽ നിന്നും ലഭ്യമാക്കുന്നതിനുള്ള നടപടികളും പദ്ധതിയുടെ പാരിസ്ഥിതിക ആഘാത പഠനം നടത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ